# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **1302**

30..9..2011-ൽ മറുപടിക്ക്

## ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**ശ്രീ. തോമസ് ചാണ്ടി** | | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണ നിലവാരം പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങ ളാണ് ഉള്ളതെന്ന് വ്യക്തമാ ക്കാമോ; | (എ) & (ബി) | അന്യ സംസ്ഥാനത്ത് നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ മിൽമയുടെ 13 ഡയറികളിലും പര്യാപ്തമായ സംവിധാനമുണ്ട്. ഇതിനുപുറമെ, മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടയ്ക്കിടയ്ക്ക് പരിശോധന നടത്താറുണ്ട്. ഓണക്കാലത്ത് പാറശ്ശാല (തിരുവനന്തപുരം), ആര്യങ്കാവ് (കൊല്ലം), കുമിളി (ഇടുക്കി), വാളയാർ, മീനാക്ഷിപുരം (പാലക്കാട്) എന്നിവിടങ്ങളിൽ താത്ക്കാലിക ലബോറട്ടറികൾ സ്ഥാപിച്ച് ക്ഷീര വികസന വകുപ്പ് പാൽഗുണനിലവാര പരിശോധന നടത്തുന്നു. ക്ഷീരസംഘങ്ങളിൽ നിന്നും മിൽമ സംഭരിക്കുന്ന പാൽ ക്ഷീര സംഘങ്ങളിലും പിന്നീട് ഡയറികളിലും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ സീൽഡ് ടാങ്കറുകളിൽ എത്തിച്ച് വീണ്ടും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി സംസ്ക്കരിച്ച ശേഷമാണ് വിതരണം ചെയ്യുന്നത്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ഫുഡ് സേഫ്റ്റി കമ്മിഷണറുടെ നേതൃത്വത്തിലും പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | നിത്യേന ചെക്ക് പോസ്റ്റുകളിലൂടെ എത്തിച്ചേരുന്ന പാൽ പരിശോധിക്കാൻ ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | ഇതിനാവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ സ്റ്റാഫിനെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല, പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.